# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2020 ജൂൺ 13

# വാർത്താക്കുറിപ്പ്

## മഹാത്മാഗാന്ധി സർവകലാശാല

## എം.ബി.എ. പരീക്ഷ ക്രമീകരണം

ജൂൺ 16-ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.ബി.എ പരീക്ഷകൾക്ക് കേരളത്തിലെ വടക്കൻ ജില്ലകളിലുള്ള വിദ്യാർത്ഥികൾക്ക് കോഴിക്കോട് മീഞ്ചന്ത ഗവ.കോളേജിൽ പരീക്ഷ എഴുതാം. കൂടാതെ സർവ്വകലാശാലയുടെ അധികാര പരിധിക്കുള്ളിൽ ഏത് എം.ബി.എ. കോളേജിലും പരീക്ഷ എഴുതുവാനും സൗകര്യമേർപ്പെടുത്തി. വിദ്യാർത്ഥികൾ നിലവിൽ പഠിക്കുന്ന കോളേജുമായി ബന്ധപ്പെട്ട് എഴുതുവാൻ ഉദ്ദേശിക്കുന്ന പരീക്ഷാ കേന്ദ്രം ഏതെന്ന് അറിയിക്കണം. കോളജ് പ്രിൻസിപ്പൽമാർ മറ്റു കേന്ദ്രങ്ങളിൽ പരീക്ഷ എഴുതുന്ന വിദ്യാർഥികളുടെ പേര്, രജിസ്റ്റർ നമ്പർ, ഓരോ ദിവസവും എഴുതുന്ന പേപ്പറിന്റെ പേര് എന്നിവ ക്രോഢീകരിച്ച് ar12exam@mgu.ac.in എന്ന ഇ-മെയിലിലേക്ക് ഇന്ന്(ജൂൺ 14) വൈകിട്ട് അഞ്ചിനകം അറിയിക്കണം.പ്രിൻസിപ്പൽമാർ നൽകുന്ന ലിസ്റ്റിൽ ഉൾപ്പെട്ടവർക്കേ പരീക്ഷ കേന്ദ്രം മാറി പരീക്ഷയെഴുതാനാകൂവെന്ന് സർവ്വകലാശാല പരീക്ഷ കൺട്രോളർ അറിയിച്ചു.

(പി.ആർ.ഒ/39/584/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ